**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 183** **05/11/2019 ൽ മറുപടിക്ക്**

## ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.രാജു എബ്രഹാം | കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ മണ്ഡലകാല-മകരവിളക്ക് തീർത്ഥാടനം സുഗമമായി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ വർഷം ശബരിമല ക്ഷേത്രത്തിനുണ്ടായ വരുമാനക്കുറവ് കണക്കിലെടുത്ത് പ്രത്യേക തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് അറിയിക്കുമോ; | (ബി) | 2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.<br>സ.ഉ.(സാധാ) നം.2219/2019/റവ തീയതി 13.08.2019 പ്രകാരം 30 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. |
| (സി) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി കേന്ദ്രസർക്കാർ എന്തെങ്കിലും സഹായം ലഭ്യമാക്കിയിരുന്നോ; | (സി) | കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിലെ സ്പിരിച്ചൽ സർക്യൂട്ട് പദ്ധതിയിൽ എരുമേലി - പമ്പ-സന്നിധാനം, ശ്രീപത്മനാഭ-ആറൻമുള- ശബരിമല എന്നീ പദ്ധതികൾക്ക് സഹായം ലഭ്യമാക്കിയിരുന്നു. |
| (ഡി) | ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിലായി 4 ഇടത്താവളങ്ങളാണ് നിർമ്മിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിൽ കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി എന്നീ സ്ഥലങ്ങളിൽ സോയിൽ ടെസ്റ്റ് പൂർത്തിയാക്കിയിട്ടുണ്ട്.<br>നിലയ്ക്കലിൽ 50 ലക്ഷം ലിറ്റർ വാട്ടർടാങ്ക്, പാർക്കിംഗ് ഗ്രൗണ്ട് എന്നിവയുടെ വർക്ക് ഉടൻ ആരംഭിക്കുന്നതാണ്.<br><br>സർക്കാർ ഉത്തരവ് (സാധാ)5200/2017/ആർ.ഡി തീയ്യതി 05.12.2017 പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ.കാടാമ്പുഴ ദേവസ്വം , ശ്രീ.തൃത്തല്ലൂർ ദേവസ്വം, ശ്രീ.നെല്ലിയോട് ദേവസ്വം എന്നീ ക്ഷേത്രങ്ങളിൽ IOC യുമായി സഹകരിച്ച് ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ട് പോകുന്ന നിലപാടല്ല ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സ്വീകരിച്ചത്.<br><br>മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽപ്പെട്ട ശ്രീ. കാടാമ്പുഴ ദേവസ്വത്തിന് ഇടത്താവള നിർമ്മാണം യു.എൽ.സി.സി.എസ് മുഖാന്തിരം ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കുന്നതിന് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. (സ.ഉ(സാധാ) 1476/2019/റവ തീയ്യതി 12.06.2019) ഇടത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് IOC നിർമ്മിക്കുന്ന പെട്രോൾ ബങ്കിന്റെ നിർമ്മാണ അനുമതിയ്ക്കുള്ള അപേക്ഷയിൽ മേൽ റവന്യൂ വകുപ്പിന്റെയും ഗ്രാമവികസന വകുപ്പിന്റെയും പരിശോധന പൂർത്തിയായി അന്തിമ ഘട്ടത്തിലാണുള്ളത്. |

| | | | |
|---|---|---|---|
| | | | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ. മണിയങ്കോട്ടപ്പൻ ക്ഷേത്രം, കൽപ്പറ്റ, ശ്രീ.ശുകപുരം ദക്ഷിണാമൂർത്തി ദേവസ്വം, എടപ്പാൾ എന്നീ ക്ഷേത്രങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് 10 കോടി രൂപ വീതം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. (ഉത്തരവ് നമ്പർ സ.ഉ(സാധാ)2515/2019/റവ തീയതി 07.09.2019) കിഫ്ബിയുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ബഹു ഹൈക്കോടതിയുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി കൈമാറിക്കൊണ്ടുള്ള എൻ.ഒ.സി കൊച്ചിൻ ദേവസ്വം ബോർഡ് നാളിതുവരെ സമർപ്പിച്ചിട്ടില്ല. ബഹു ഹൈക്കോടതി അനുമതി ഉത്തരവ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഇടത്താവളം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ